**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 90          09-03-2015-ൽ മറുപടിയ്ക്ക്

## നീരയുടെ ഉൽപ്പാദനവും വിതരണവും

ചോദ്യം :

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. പി. എ. മാധവൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. ശിവദാസൻ നായർ

ഉത്തരം :

ശ്രീ. കെ. ബാബു

(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | 23.09.2013-ലെ ജി.ഒ. എം.എസ് 160/14/നി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് നീര ഉൽപാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ട് വീതം യൂണീറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണീറ്റുകൾക്കും നീര ഉൽപാദിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. 14/2/2014 ലെ ജി. ഒ. (പി) 27/2014/നി.വ നമ്പർ ഉത്തരവ് പ്രകാരം ബോണഫൈഡ് ജാഗറി ഉൽപ്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി / സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വ കലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് നീര ഉൽപ്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. ആകെ 173 ഫെഡറേഷന് ലൈസൻസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ; | (ബി) | നീരയുടെ ഉൽപ്പാദനവും വിതരണവും നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി നീര റൂൾസ് 2014 പ്രാബല്യത്തിൽ വരുകയുണ്ടായി, ടി റൂൾസ് പ്രകാരമാണ് സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിനും വിതരണത്തിനും അനുമതി നൽകിയിട്ടുള്ളത്. |
| (സി) | നീരയുടെ ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ? | (സി) | നീര ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കുന്നതിന്റെയും നിയന്ത്രിക്കുന്നതിന്റെയും ഭാഗമായി ആണ് നീര റൂൾസ് 2014 പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. കൃഷി- എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോൽപാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13.5.2014-ലെ ജി.ഒ. (എം.എസ്) 66/2014/നി.വ പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങു കൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിൻെറ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുമുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ